# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈത്തിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. ഡബ്ല്യു. വൈ. ഡി. പി1 - 287/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 31/03/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈത്തിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. ഡബ്ല്യു. വൈ. ഡി. പി1 - 287/21 തീയ്യതി: 31/03/2021

## വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 09-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 09-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.കെ.ഷാജി, ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.വി.ഡേവിഡ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. പി.ഷാജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു.കെ.നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉഷാകുമാരി.വി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ജി.സുകുമാരൻ | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ഇന്ദിര.പി.കെ | സെക്രട്ടറി | 23-07-2019 | 10-10-2019 |
| | | 20-10-2019 | 31-03-2020 |
| സുരേഷ്.എം.ബി | അസി.സെക്രട്ടറി | 01-03-2019 | 31-03-2020 |
| ഡോ.വി.ആർ.താര | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ജോയ് അലക്സ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ജുബീന.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-12-2019 | 31-03-2020 |
| പി.കെ.കരിം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രുതി ലക്ഷ്മി.പിജി | കൃഷി ഓഫീസർ | 01-04-2019 | 15-07-2019 |
| ആരണ്യ.വി.കെ | കൃഷി ഓഫീസർ | 16-07-2019 | 11-03-2020 |
| ശ്രുതി ലക്ഷ്മി.പിജി | കൃഷി ഓഫീസർ | 12-03-2020 | 31-03-2020 |
| ബിജു.വി.ജി | അസി.എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ബിനിൽ ഗോപിനാഥ് | അസി.എഞ്ചിനീയർ | 26-09-2019 | 18-11-2019 |
| എൽദോസൈമൺ | അസി.എഞ്ചിനീയർ | 19-11-2019 | 31-03-2020 |
| വിനോദ് ആന്റണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 18-07-2019 |
| വിപിൻ ശ്യം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-07-2019 | 14-10-2019 |
| ശ്രീലത. എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14-10-2019 | 31-03-2020 |
| | | 15-10-2019 | 31-03-2020 |
| ഗീത.എൻ.പി | ഐ.സിഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.വിജയറാണി.എം.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 16-12-2019 |
| ഡോ. ബിജുല ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| സുരേഷ്.എം.ബി | സെക്രട്ടറി (ഇൻചാർജ്ജ്) | 12-07-2019 | 22-07-2019 |
| | | 11-10-2019 | 19-10-2019 |
| സജി കുഞ്ഞുമോൻ | അസി. എഞ്ചിനീയർ | 17-07-2019 | 02-09-2019 |

02.09.2019 മുതൽ 25.09.2019 വരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഉദ്യോഗസ്ഥൻ ഇല്ലായിരുന്നു

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: David K.V (Asst. Audit Officer, On 24-02-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-1 |
| 2 | ബഡ്ജറ്റ് വാസ്തവികമല്ല.<br>Written By: David K.V (Asst. Audit Officer, On 26-02-2021)<br>Last Updated By: Shaji E.K (Audit Officer, On 19-03-2021) | 1-1-1 |
| 3 | ബഡ്ജറ്റ് പ്രമാണങ്ങൾ പൂർണ്ണമല്ല.<br>Written By: David K.V (Asst. Audit Officer, On 26-02-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-1-2 |
| 4 | ബഡ്ജറ്റ് രൂപീകരണം - പ്രവർത്തന സമയക്രമം<br>Written By: David K.V (Asst. Audit Officer, On 01-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-1-3 |
| 5 | ബഡ്ജറ്റിൽ വകയിരുത്തൽ ഇല്ലാത്ത ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചു.<br>Written By: David K.V (Asst. Audit Officer, On 03-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-1-4 |
| 6 | ബഡ്ജറ്റ് നിയന്ത്രണം<br>Written By: David K.V (Asst. Audit Officer, On 21-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-1-5 |
| 7 | പദ്ധതി നിർദ്ദേശങ്ങൾ<br>Written By: David K.V (Asst. Audit Officer, On 02-03-2021)<br>Last Updated By: David K.V (Asst. Audit Officer, On 02-03-2021) | 1-1-3-1 |
| 8 | പദ്ധതിയിതര നിർദ്ദേശങ്ങൾ<br>Written By: David K.V (Asst. Audit Officer, On 01-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-1-3-2 |
| 9 | വാർഷിക കണക്കുകൾ<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-2 |
| 10 | ധനകാര്യ പത്രിക പൂർണ്ണമല്ല.<br>Written By: David K.V (Asst. Audit Officer, On 03-03-2021)<br>Last Updated By: Shaji E.K (Audit Officer, On 04-03-2021) | 1-2-1 |
| 11 | ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-2-2 |
| 12 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-2-3 |
| 13 | ബാലൻസ് ഷീറ്റിലെ ഗ്രാന്റ്/സ്പെഷ്യൽ ഫണ്ട് ബാധ്യതകൾ അനുബന്ധ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-2-4 |
| 14 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-2-5 |
| 15 | ബാങ്ക് റിൺസിലിയേഷൻ നടത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-2-6 |
| 16 | ജനറൽ പർപ്പസ് ഗ്രാന്റിന്റെയും വരവ് ചെലവുകൾ എ).സി.ആറുമായി പെരുത്തപ്പെടുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-2-7 |
| 17 | ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്യുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 08-03-2021)<br>Last Updated By: David K.V (Asst. Audit Officer, On 08-03-2021) | 1-2-8 |

| | | |
|---|---|---|
| 18 | ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 09-03-2021)<br>Last Updated By: David K.V (Asst. Audit Officer, On 09-03-2021) | 1-3 |
| 19 | പദ്ധതി അവലോകനം.<br>Written By: David K.V (Asst. Audit Officer, On 09-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-4 |
| 20 | പദ്ധതി രൂപീകരണം<br>Written By: David K.V (Asst. Audit Officer, On 09-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-4-1 |
| 21 | ലഭ്യമാകാവുന്ന ഗ്രാന്റ് തുകയേക്കാൾ അധിക തുക പദ്ധതിയിൽ വകയിരുത്തുന്നു.<br>Written By: David K.V (Asst. Audit Officer, On 09-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-4-2 |
| 22 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.Shaji (Asst. Audit Officer, On 25-02-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 1-5 |
| 23 | ക്ഷേമപദ്ധതികൾ<br>Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-6 |
| 24 | ആസ്തി പരിപാലനം<br>Written By: David K.V (Asst. Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-7 |
| 25 | ക്യാഷ് പരിശോധന<br>Written By: Indu K Nair (Auditor, On 27-02-2021)<br>Last Updated By: Indu K Nair (Auditor, On 27-02-2021) | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം<br>Written By: Shaji E.K (Audit Officer, On 16-03-2021)<br>Last Updated By: Shaji E.K (Audit Officer, On 16-03-2021) | 1-9 |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിച്ചില്ല.<br>Written By: David K.V (Asst. Audit Officer, On 10-03-2021)<br>Last Updated By: David K.V (Asst. Audit Officer, On 10-03-2021) | 1-10 |
| 28 | ജില്ലാ പഞ്ചായത്ത്.<br>Written By: David K.V (Asst. Audit Officer, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-10-1 |
| 29 | ബ്ലോക്ക് പഞ്ചായത്ത്<br>Written By: David K.V (Asst. Audit Officer, On 10-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-10-2 |
| 30 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Indu K Nair (Auditor, On 17-03-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 1-11 |
| 31 | തനത് വരുമാന സ്രോതസ്സുകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Indu K Nair (Auditor, On 17-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-12 |
| 32 | നികുതി - നികുതിയേതര വരുമാനങ്ങൾ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Indu K Nair (Auditor, On 17-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-12-1 |
| 33 | പ്രതിമാസ അവലോകനം തൃപ്തികരമല്ല<br>Written By: Indu K Nair (Auditor, On 17-03-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 1-12-2 |
| 34 | പണം അടവാക്കലുകൾക്ക് രസീതി നൽകുന്നില്ല<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1- 13 |
| 35 | വസ്തുനികുതി അടവാക്കിയതിന് രസീതി നൽകിയില്ല<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-13-1 |
| 36 | വസ്തു നികുതി പിഴ പലിശ അടവാക്കിയതിന് രസീതി നൽകിയില്ല<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-13-2 |
| 37 | ചെക്കുകൾ ബാങ്കിൽ സമർപ്പിക്കുന്നതിൽ കാലതാമസം - ചെക്കുകൾ ബൗൺസ് ആകുന്നു.<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 31-03-2021) | 1-14 |
| 38 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | |
| 39 | ജീവനക്കാരനിൽ നിന്നും കുറഞ്ഞനിരക്കിൽ തൊഴിൽ നികുതി ഈടാക്കി<br>Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-15-1 |
| 40 | സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.<br>Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Unni P.K (Deputy Director, On 31-03-2021) | 1-15-2 |
| 41 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Unni P.K (Deputy Director, On 31-03-2021) | 1-15-3 |
| 42 | റേഷൻകടകളിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-15-4 |
| 43 | ലൈസൻസ് നൽകുന്നതിലെ അപാകതകൾ<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Shaji E.K (Audit Officer, On 21-03-2021) | 1-16 |
| 44 | ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുന്നില്ല<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-16-1 |
| 45 | ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല.<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-16-2 |
| 46 | ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Indu K Nair (Auditor, On 10-03-2021)<br>Last Updated By: Shaji E.K (Audit Officer, On 21-03-2021) | 1-16-3 |
| 47 | അസി. എഞ്ചിനീയർ കാഷ് ബുക്കും രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-17 |
| 48 | സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു.<br>Written By: Shaji E.K (Audit Officer, On 02-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-18 |
| 49 | അങ്കണവാടി പോഷകാഹാര പദ്ധതി-ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു.<br>Written By: Shaji E.K (Audit Officer, On 10-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-19 |
| 50 | അങ്കണവാടി പോഷകാഹാരം (എസ്.സി.പി)<br>Written By: Shaji E.K (Audit Officer, On 09-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-19-1 |
| 51 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)<br>Written By: Shaji E.K (Audit Officer, On 09-03-2021)<br>Last Updated By: Shaji E.K (Audit Officer, On 31-03-2021) | 1-19-2 |
| 52 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: P.Shaji (Asst. Audit Officer, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-20 |
| 53 | പഞ്ചായത്തിലേക്ക് റാക്കുകൾ വാങ്ങൽ - പദ്ധതി രൂപീകരിച്ചതിലും നടപ്പാക്കിയതിലും അപാകതകൾ.<br>Written By: P.Shaji (Asst. Audit Officer, On 10-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-21 |
| 54 | ടൗൺ സൗന്ദര്യ വൽക്കരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: P.Shaji (Asst. Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 31-03-2021) | 1-22 |
| 55 | കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്- പ്രവർത്തന ക്ഷമമായില്ല.<br>Written By: P.Shaji (Asst. Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 31-03-2021) | 1-23 |

| | | |
|---|---|---|
| 56 | പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകാരമില്ലാതെ വാങ്ങലുകൾ നടത്തി.<br>Written By: Indu K Nair (Auditor, On 12-03-2021)<br>Last Updated By: Shaji E.K (Audit Officer, On 18-03-2021) | 1-24 |
| 57 | പാലിയേറ്റീവ് പരിചരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച<br>Written By: Shaji E.K (Audit Officer, On 10-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 1-25 |
| 58 | തൊഴിലുറപ്പ് പദ്ധതി- പഞ്ചായത്ത് ഫണ്ടിലേക്ക് തുക റീകൂപ്പ് ചെയ്തിട്ടില്ല<br>Written By: P.Shaji (Asst. Audit Officer, On 16-03-2021)<br>Last Updated By: Shaji E.K (Audit Officer, On 19-03-2021) | 1-26 |
| 59 | സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ല.<br>Written By: P.Shaji (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaji E.K (Audit Officer, On 19-03-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 19-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 22-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Unni P.K (Deputy Director, On 30-03-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaji E.K (Audit Officer, On 19-03-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Shaji E.K (Audit Officer, On 11-03-2021)<br>Last Updated By: Shaji E.K (Audit Officer, On 30-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം –1

### 1-1 ബഡ്ജറ്റ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസം ആദ്യത്തെ കഴിയുന്നതിന് ആഴ്ച പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. ആയതനുസരിച്ച് വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ 2019-20 വർഷത്തെ വാർഷിക ബഡ്ജറ്റ് 21.02.2019 - ന് പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. 23.02.2019 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി പ്രസ്തുത ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണ സമിതി അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹20,27,25,000/- ഉം പ്രതീക്ഷിത ചെലവ് ₹21,50,42,680/- യുമാണ്. 07.03.2020 -ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബഡ്ജറ്റ്പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹26,66,48,354/- ഉം പ്രതീക്ഷിത ചെലവ് ₹26,46,47,372/- യുമാണ്.

### 1-1-1 ബഡ്ജറ്റ് വാസ്തവികമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്. വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ₹7,90,36,093/- യും ചെലവ് ₹9,08,75,230/- യും ആണ്. തൻവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം 1/3 തുക മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) | വ്യതാസം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 1,30,00,000 | 1,06,99,549 | 23,00,451 |
| 2 | 1102001 | തൊഴിൽ നികുതി | 55,00,000 | 41,38,750 | 13,61,250 |
| 3 | 1101101 | സേവന നികുതി | ഇല്ല | 6,50,000 | 6,50,000 |
| 4 | 1401001 | ലൈസൻസ് ഫീസ് | 5,66,375 | 7,00,000 | 1,33,625 |
| 5 | 1401101 | പെർമിറ്റ് ഫീസ് | 4,45,138 | 8,00,000 | 3,54,862 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-1-2 ബഡ്ജറ്റ് പ്രമാണങ്ങൾ പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

## 1-1-3 ബഡ്ജറ്റ് രൂപീകരണം - പ്രവർത്തന സമയക്രമം

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ ഖണ്ഡിക 2.4.1 -ൽ പദ്ധതി/പദ്ധതിയിതര നിർദ്ദേശങ്ങളുടെ പ്രവർത്തന സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി/പദ്ധതിയിതര നിർദ്ദേശങ്ങളുടെ പ്രവർത്തന സമയക്രമത്തിന്റെയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## 1-1-4 ബഡ്ജറ്റിൽ വകയിരുത്തൽ ഇല്ലാത്ത ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചു.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം വകയിരുത്തൽ | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2101003 | ബോണസ് | 50000 | 64750 |
| 2 | 2105001 | എംപ്ലോയേഴ്സ് പ്രവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 160812 |
| 3 | 2201001 | വാടക | 72000 | 75300 |
| 4 | 2201002 | റേറ്റ്സ് | 0 | 19931 |
| 5 | 2202001 | പുസ്തകങ്ങളും ആനുകാലികങ്ങളും | 50000 | 59021 |
| 6 | 2205201 | കൺസൽട്ടൻസി ഫീസ് | 0 | 45000 |
| 7 | 2207101 | അസാധാരണ ചെലവുകൾ | 75000 | 198198 |
| 8 | 2301101 | വാട്ടർ ചാർജ് | 100000 | 401625 |
| 9 | 2305004 | സംരക്ഷണവും അറ്റകുറ്റപ്പണികളും പാലങ്ങളും കലുങ്കുകളും | 10000 | 89368 |
| 10 | 2305099 | സംരക്ഷണവും അറ്റകുറ്റപ്പണികളും ജംഗമ ആസ്തികൾ | 0 | 6702 |
| 11 | 2308000 | മറ്റ് നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ | 0 | 7200 |
| 12 | 2308001 | മറ്റ് ചെലവുകൾ | 100000 | 138090 |
| 13 | 2408001 | ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 0 | 357 |
| 14 | 25010434 | മൃഗസംരക്ഷണം - കന്നുകുട്ടി പരിപാലനം | 0 | 187500 |
| 15 | 2501040 | മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 0 | 200000 |
| 16 | 2501041 | മൃഗസംരക്ഷണം - അനുബന്ധ സൗകര്യങ്ങൾ | 0 | 967660 |
| 17 | 2501046 | ക്ഷീര വികസനം - സംഭരണവും വിതരണവും | 0 | 7136388 |
| 18 | 2511006 | സർവ്വശിക്ഷ അഭിയാനം മറ്റ് വിദ്യാഭ്യാസ പരിപാടികളും | 0 | 700000 |
| 19 | 2511009 | വായനശാലകളും റീഡിംഗ് റൂമുകളും | 0 | 1800 |

| | | | | |
|---|---|---|---|---|
| 20 | 2511010 | ആർട്ടസ് & കൾച്ചർ - ജനറൽ | 0 | 20000 |
| 21 | 2511013 | വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | 0 | 422573 |
| 22 | 2512001 | ഹെൽത്ത് സെൻറുകൾ /ആശുപത്രികൾ / ഡിസ്പെൻസറികൾ | 0 | 348662 |
| 23 | 2512002 | പൊതു ആരോഗ്യ പരിപാടികൾ | 0 | 386622 |
| 24 | 2512003 | പ്രത്യേക ആരോഗ്യ പരിപാടികൾ | 0 | 92182 |
| 25 | 2513007 | അഗതി ക്ഷേമ പരിപാടികൾ | 0 | 1151509 |
| 26 | 2514001 | വനിതാ ശിശു ക്ഷേമ പരിപാടികൾ | 0 | 917881 |
| 27 | 2514202 | അംഗൻവാടി പോഷക ആഹാര പരിപാടികൾ | 0 | 438000 |
| 28 | 2516004 | സർവ്വേകളും പഠനങ്ങളും | 0 | 3870 |
| 29 | 2531001 | കുടിവെള്ളം അനുബന്ധ പ്രോജക്ടുകൾ | 0 | 367655 |
| 30 | 2531005 | സമ്പൂർണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള ഖരമാലിന്യ പരിപാടി | 0 | 23943 |
| 31 | 2531006 | ആശ്രയ പദ്ധതി | 0 | 1151509 |
| 32 | 2531014 | കുടിവെള്ളത്തിനുള്ള പണം നൽകൽ | 0 | 400000 |
| 33 | 2552005 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - സാമൂഹിക ക്ഷേമം ആസ്തി സംരക്ഷണം | 0 | 202453 |
| 34 | 2552007 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആയുർവേദം | 200000 | 500000 |
| 35 | 2552008 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ഹോമിയോപ്പതി | 0 | 100000 |
| 36 | 2561001 | മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും - റവന്യൂ ചെലവുകൾ | 0 | 99564 |
| 37 | 4103003 | കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും | 0 | 788311 |
| 38 | 4104001 | കുടിവെള്ള സ്രോതസുകളും അനുബന്ധ നിർമിതികളും | 0 | 1496436 |

യാഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കാത്തതാണ് മേൽ വീഴ്ചയ്ക്ക് കാരണമായത്. പലയിനങ്ങൾക്കും തുക വകയിരുത്താതെയിരിക്കുകയും മറ്റ് പലയിനങ്ങൾക്കും ആവശ്യത്തിന് തുക വകയിരുത്താതെയും ഇരിക്കുമ്പോൾ തന്നെ തുക വകയിരുത്തിയ പലയിനങ്ങളിലും യാതൊരു ചെലവും വരാതിരിക്കുകയും വൻതുക വകയിരുത്തിയ മറ്റ് പലയിനങ്ങളിലും നാമമാത്ര ചെലവ് നടത്തുകയും ചെയ്തിരിക്കുന്നു. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ഒരു ബഡ്ജറ്റ് ഉണ്ടാക്കുക വഴി നിയമപരമായ ഒരു കടമ നിർവ്വഹിക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. ഇപ്രകാരമുള്ള ഒരു ബഡ്ജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. മെച്ചപ്പെട്ട സാമ്പത്തിക ആസൂത്രണം ബഡ്ജറ്റ് വഴി സാധ്യമാകണം. ആയതിനാൽ കടമ നിർവ്വഹിക്കുക എന്നതിലുപരി സ്ഥാപനത്തിന്റെ ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്രിയാത്മകമായ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 ബഡ്ജറ്റ് നിയന്ത്രണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 162(എ) -ാം വകുപ്പ് പ്രകാരം ബഡ്ജറ്റുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ) ചട്ടങ്ങൾ 60 -ാം ചട്ടം അനുസരിച്ച് എല്ലാ മാസവും 10- ാം തിയ്യതിയ്ക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻമാസത്തെ സാമ്പത്തിക സ്ഥിതി വിലയിരുത്തണം. കേരള പഞ്ചായത്ത് ബഡ്ജറ്റ് മാന്വൽ ഖണ്ഡിക നം. 4.3(1) അനുസരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ/ വാർഷിക ബഡ്ജറ്റ് അവലോകനം നടത്തണം. സമയബന്ധിതമായി വിഭവ സമാഹരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. ബഡ്ജറ്റിൽ നിന്നും വ്യതിചലിച്ചു കൊണ്ട് യാതൊരു ചെലവും നടത്താൻ പാടില്ല.(കേരള പഞ്ചായത്ത് രാജ് നിയമം 214(6&8)-ാം വകുപ്പ് ) ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചെലവ് നടത്തേണ്ട ഒരു അനിവാര്യമായ അടിയന്തിര സാഹചര്യം വരുകയാണെങ്കിൽ അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങണം.

ബഡ്ജറ്റ് മാന്വൽ ഖണ്ഡിക നമ്പർ 4.1(1) അനുസരിച്ച് സെക്രട്ടറിയും അകൗണ്ടന്റും ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ചാണ് ചെലവുകൾ നടത്തുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. സെക്രട്ടറിയും സ്ഥാപന മേധാവികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബഡ്ജറ്റ് പ്രൊവിഷനു വിധേയമായാണ് ഫണ്ടുകൾ ആവശ്യപ്പെടുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ( ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 4.2(III). പ്രസിഡന്റ്, സെക്രട്ടറി, അക്കൗണ്ടന്റും എന്നിവർ ബഡ്ജറ്റ് പ്രൊവിഷനു വിധേയമായാണ് അലോട്ട്മെന്റുകൾ നൽകുന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗ മിനിട്ട്സ് പരിശോധനയിൽ നിന്നും മുൻമാസങ്ങളിലെ വരവ് ചെലവുകൾ പ്രതിമാസം അംഗീകരിക്കുന്നതിൽ ഉപരിയായി മേൽ പറഞ്ഞ ചുമതലകൾ വഹിക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കണ്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ആയതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. സെക്രട്ടറിയുടെ മറ്റ് ഉദ്യോഗസ്ഥരുടേയും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ ഉപദേശങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും യഥാസമയങ്ങളിൽ നൽകുന്നതിലും ഭരണ സമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3-1 പദ്ധതി നിർദ്ദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | സമയം |
|---|---|---|
| 1 | വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം | നവംബർ മാസം 10 -ാം തീയതിക്ക് മുമ്പ് |
| 2 | നിലവിലെ പ്രോഗ്രാമുകളെയും സ്കീമുകളെയും വിലയിരുത്തൽ | നവംബർ മാസം 20-ാം തീയതിക്ക് മുമ്പ് |
| 3 | സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ | നവംബർ മാസം 27-ാം തീയതിക്ക് മുമ്പ് |
| 4 | ഗ്രാമസഭ | ജനവരി മാസം 3-ാം തീയതിക്ക് മുമ്പ് |
| 5 | പദ്ധതി രേഖ | ജനവരി മാസം 13-ാം തീയതിക്ക് മുമ്പ് |
| 6 | വികസന റിപ്പോർട്ട് | ജനവരി മാസം 18-ാം തീയതിക്ക് മുമ്പ് |
| 7 | വികസന സെമിനാർ | ജനവരി മാസം 23-ാം തീയതിക്ക് മുമ്പ് |
| 8 | പദ്ധതി അടങ്കൽ നിശ്ചയിക്കലും മേഖല തിരിച്ചുള്ള വകയിരുത്തലും | ജനവരി മാസം 30-ാം തീയതിക്ക് മുമ്പ് |
| 9 | പ്രോജക്ടുകൾ തയ്യാറാക്കൽ | ഫെബ്രുവരി മാസം 1-ാം തീയതിക്ക് മുമ്പ് |
| 10 | പ്രോജക്ടുകളുടെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | ഫെബ്രുവരി മാസം 15-ാം തീയതിക്ക് മുമ്പ് |
| 11 | പ്രോജക്ടുകളുടെ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം | ഫെബ്രുവരി മാസം 20-ാം തീയതിക്ക് മുമ്പ് |

ജനപങ്കാളിത്തത്തോടെയുള്ള ബജറ്റ് രൂപീകരണം എന്ന സമീപനമാണ് പഞ്ചായത്ത് രാജ് നിയമം വിഭാവനം ചെയ്തിട്ടുള്ളത് (ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 1.1 കാണുക). ഗ്രാമ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ മിനുട്ട്സുകൾ പരിശോധിച്ചതിൽ നിന്നും ബജറ്റ് രൂപീകരണത്തിൽ ആവശ്യമായ ജനപങ്കാളിത്തം ഉണ്ടായതായി കാണുന്നില്ല (പദ്ധതി രൂപീകരണം സംബന്ധിച്ച ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-5 - 'പദ്ധതി അവലോകനം' എന്ന ഖണ്ഡികയലെ പരാമർശം കാണുക). ജനങ്ങളുടെ വികസന സേവന താൽപര്യങ്ങൾ മുൻനിർത്തികൊണ്ടുള്ള ജനപങ്കാളിത്തത്തോടെയുള്ള ബഡ്ജറ്റ് രൂപീകരണമാണ് ഉണ്ടാകേണ്ടത്. പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 1-1-3-2 പദ്ധതിയിതര നിർദ്ദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | സമയം |
|---|---|---|
| 1 | സ്ഥാപന മേധാവികളും സെക്രട്ടറിയുമായുള്ള മീറ്റിംഗ് | ഡിസംബർ മാസം 15 -ാം തീയതിക്ക് മുമ്പ് |
| 2 | സ്ഥാപന മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടൽ | ഡിസംബർ മാസം 15 -ാം തീയതിക്ക് മുമ്പ് |
| 3 | നിർദ്ദേശങ്ങളുടെ സമർപ്പണം | ഡിസംബർ മാസം 15 -ാം തീയതിക്ക് മുമ്പ് |
| 4 | പദ്ധതിയിതര നിർദ്ദേശങ്ങൾ സമർപ്പണത്തിനുള്ള സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകൾ | ജനവരി മാസം 22-ാം തീയതിക്ക് മുമ്പ് |
| 5 | പദ്ധതിയിതര നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പണം | ഫെബ്രുവരി മാസം 1-ാം തീയതിക്ക് മുമ്പ് |

സ്ഥാപന മേധാവികളിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ക്ഷണിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.12.2018 -ലെ യോഗത്തിലെ ആദ്യ തീരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെയോ ആയത് അംഗീകരിച്ചതിന്റെയോ രേഖകളൊന്നും ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും മിനുട്ട്സ് ബുക്കുകളിൽ ഇത് സംബന്ധിച്ച മറ്റ് തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 15.06.2020 | --- | --- |

1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല.

03.02.2020 ലെ കെ.എസ്.എ.ഡബ്യൂ.വൈ.ഡി. പി1-755/19 നമ്പർ പ്രകാരം പുറപ്പെടുവിച്ച വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷികകണക്കുകൾക്കുള്ള സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. എന്നാൽ 12.06.2020 ന് എ/3691/20 നം. പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

1-2-2 ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് അസറ്റ്സിന്റെ മൂല്യത്തിന്റെ കൃത്യത താഴെ പറയുന്ന കാരണങ്ങളാൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.ബാലൻസ് ഷീറ്റിലെ ബി-11 (എ) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ₹918640/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2-3 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

തൻ വർഷം സമർപ്പിച്ച കരാറുകാരുടെ പല ബില്ലുകളുടെയും തുക ഗ്രാമ പഞ്ചായത്തിന് കൊടുക്കുവാൻ സാധിച്ചില്ല. പ്രസ്തുത ബില്ലുകളുടെ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-2-4 ബാലൻസ് ഷീറ്റിലെ ഗ്രാന്റ്/സ്പെഷ്യൽ ഫണ്ട് ബാധ്യതകൾ അനുബന്ധ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ പല ബാധ്യതകളും അനുബന്ധ ആസ്തികളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് ദുരിതാശ്വാസ നിധിയുടെ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂളിൽ ₹66743/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി-17 ഷെഡ്യൂൾ പ്രകരമുള്ള ബങ്ക് നീക്കിയിരിപ്പ് ₹64137/- ആണ്.
2. സംയുക്ത പ്രോജക്ടുകളുടെ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ₹23,03,327/- (1105622 + 1197705) ആണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി-17 ഷെഡ്യൂൾ പ്രകരമുള്ള ബങ്ക് നീക്കിയിരിപ്പ് ₹17,93,000/- ആണ്.

മേൽ പറഞ്ഞതിന് പുറമേ ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള എം.എൻ.ആർ.ഇ.ജി.എ, ബി.ആർ.ജി.എഫ്, WGDP, സംയുക്ത പ്രോജക്ടുകൾ, സാക്ഷരത എന്നിവ ഒഴികെയുള്ളവയ്ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകളില്ല. തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിലാണ് (നം. SMGB 7492) പ്രസ്തുത ഫണ്ടുകൾ സൂക്ഷിച്ചിട്ടുള്ളത്. മേൽ ഫണ്ടുകളുടെ വരവ് ചെലവുകളുടെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ മനസിലാക്കുന്നതിന് കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

1-2-5 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കെട്ടിട വാടക കുടിശ്ശിക ഡി.സി.ബി. രജിസ്റ്ററും മുൻകൂർ രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ₹82083/- കെട്ടിട വാടക കുടിശ്ശിക വരവും ₹22621/- പിരിച്ചെടുക്കാൻ ബാക്കിയുമുണ്ട്. രജിസ്റ്ററുകളുടെ അഭാവത്തിൽ കെട്ടിട വാടക കുടിശ്ശികയുടെയും നൽകിയ മുൻകൂറുകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2-6 ബാങ്ക് റിൺസിലിയേഷൻ നടത്തിയിട്ടില്ല.

ഹരിത കേരളത്തിന്റെ കേരള ഗ്രാമീൺ ബാങ്കിലുള്ള (നം 17636) അക്കൗണ്ടിന്റെ റീകൺസിലേഷൻ 31.10.2019 -ന് ശേഷം

നടത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | 31.03.2020-ലെ | |
|---|---|---|
| | ബാങ്ക് ബുക്ക് -നീക്കിയിരുപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് -നീക്കിയിരുപ്പ് |
| KGB 17636 Haritha Keralam | ₹106132/- | ₹8292/- |

## 1-2-7 ജനറൽ പർപ്പസ് ഗ്രാന്റിന്റെയും വരവ് ചെലവുകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | വാർഷിക കണക്കുകൾ | | | എ.സി.ആർ | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | ബാക്കി | വരവ് | ചെലവ് | ബാക്കി |
| ജനറൽ പർപ്പസ് ഗ്രാന്റ് | 84,82,380 (മുന്നിരിപ്പ്- 24,781) | 35,75,940 | 49,31,221 | 84,83,285 | 99,98,663 | (-)15,15,378 |

## 1-2-8 ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്യുന്നില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം നോൺ-അക്രുവൽ ഇനമായ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ₹29,47,620/- ആണ്. നോൺ-അക്രുവൽ ഇനമായതിനാൽ ഡിമാൻഡ് തുക തന്നെയായിരിക്കണം കളക്ഷനും. എന്നാൽ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം റസീപ്റ്റ് ₹29,02,420/- ആണ്. തമ്മിലുള്ള വ്യത്യാസം ₹45200/- ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതിയാണ്. ആയത് റസീപ്റ്റ് ചെയ്യാതെ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തതിനാലാണ് പ്രസ്തുത തുക റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരാതിരുന്നത് . ഇത് ശരിയായ നടപടിയല്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരവുകളും റസീപ്റ്റ് ചെയ്യേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സെക്രട്ടറിയുടെ പേരിൽ റസീപ്റ്റ് ചെയ്യേണ്ടതാണ്.

വാർഷിക കണക്കുകളിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ്, | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 1,17,66,330 | 1,03,44,438 | 14,21,892 | 87.92% |
| വികസനഫണ്ട് എസ്.സി.പി. | -- | 81,22,118 | 58,55,725 | 22,66,393 | 72.09% |
| വികസനഫണ്ട് ടി.എസ്.പി. | -- | 40,75,294 | 21,90,461 | 18,84,833 | 53.75% |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 43,81,000 | 7,74,901 | 36,06,099 | 17.68% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 32,51,000 | 13,98,324 | 18,52,676 | 43.01% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | -- | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | -- | 83,91,069 | 38,17,205 | 45,73,864 | 45.49% |
| കേന്ദ്രാവിഷ്കൃത പദ്ധതി | 0 | 0 | 7,98,925 | (-)7,98,925 | -- |
| സംസ്ഥാനാവിഷ്കൃത പദ്ധതി | 0 | 0 | 0 | 0 | -- |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 298 | 17,76,08,360 | 107 | 5,14,00,702 | 29 | 162 | 35.91% |

സെക്രട്ടറി ലഭ്യമാക്കിയ പദ്ധതി ചെലവ് കണക്കുകൾ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

### 1-4-1 പദ്ധതി രൂപീകരണം

വാർഷിക പദ്ധതി രൂപികരണത്തിന്റെ ഭാഗമായി നിലവിലുണ്ടയിരുന്ന 13 വർക്കിംഗ് ഗ്രൂപ്പുകൾ പുന: സംഘടിപ്പിക്കുകയും 19.09.2016 -ലെ സ.ഉ.(സാധാ) നം. 2462/2018/തസ്വഭവ അനുസരിച്ച് ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന മേഖലയ്ക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി കൊണ്ട് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 26.11.2018 -ലെ ഭരണസമിതി യോഗത്തിലെ 2(1)/18-ാം നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. 05.12.2018 - ന് വികസന സെമിനാർ ചേരുകയും 07.12.2018 -ലെ 5(1)/18 -ാം നമ്പർ തീരുമാനമായി അന്തിമ പദ്ധതിരേഖ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് ബുക്ക് പരിശോധന നടത്തിയതിൽ നിന്നും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ സംബന്ധിച്ച് ചർച്ചകൾ നടന്നതായി കാണുന്നില്ല (ഉദാ: പൊതുമരാമത്ത് [ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ] വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്ട്സ് ബുക്ക് കാണുക: 22.02.2018 -ന് ശേഷം 05.12.2018 -നാണ് യോഗം ചേർന്നിട്ടുള്ളത്). ഒക്ടോബർ മാസത്തിൽ ചേർന്ന വിവിധ ഗ്രാമസഭ യോഗങ്ങളിൽ ഒഴികെ തൻസാമ്പത്തിക വർഷത്തിൽ പിന്നീട് നടന്ന ഗ്രമസഭയിൽ ഒന്നും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കലിന് ശേഷം അന്തിമ വികസനരേഖ തയ്യറാക്കുന്നതിന് മുമ്പായി ചേരേണ്ട ഗ്രാമസഭ ചേർന്നതായി കാണുന്നില്ല (ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-1-3-1 കൊടുത്തിട്ടുള്ള പദ്ധതി രൂപീകരണ പ്രവർത്തന സമയക്രമം കാണുക). ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി രൂപീകരണമാണ് ജനകീയാസൂത്രണം വിഭാവനം ചെയ്യുന്നത്. അതിനാൽ പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ആയതിന്റെ രേഖകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-4-2 ലഭ്യമാകാവുന്ന ഗ്രാന്റ് തുകയേക്കാൾ അധിക തുക പദ്ധതിയിൽ വകയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ ലഭ്യമാകാവുന്നതിലും അധിക തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗ്രാന്റിനം | പദ്ധതിയിൽ വകയിരുത്തിയ തുക | തൻവർഷത്തെ അലോട്ട്മെന്റ് | അധികമായി വകയിരുത്തിയ തുക |
|---|---|---|---|---|
| 1 | വികസനഫണ്ട് പൊതുവിഭാഗം | 1,59,12,503 | 1,17,66,330 | 41,46,173 |
| 2 | വികസനഫണ്ട് എസ്.സി.പി. | 1,04,76,269 | 81,22,118 | 23,54,151 |
| 3 | വികസനഫണ്ട് ടി.എസ്.പി. | 46,73,456 | 40,75,294 | 5,98,162 |
| 4 | സംരക്ഷണഗ്രാന്റ് റോഡ് | 52,31,000 | 43,81,000 | 8,50,000 |
| 5 | സംരക്ഷണഗ്രാന്റ് നോൺറോഡ് | 35,31,000 | 32,51,000 | 2,80,000 |

ഗ്രാമപഞ്ചായത്തിന് പരമാവധി ലഭ്യമാകുന്നതിലും അധികം തുകയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമാണ്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 11/2018/തസ്വഭവ, തീയതി 29.11.2018) ഖണ്ഡിക 3.4.1(3) പ്രകാരം വികസനഫണ്ട്, സംരക്ഷണ ഫണ്ട് വിഹിതങ്ങൾ സംസ്ഥാന ബഡ്ജറ്റിലെ അനുബന്ധം IV പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായിരിക്കണം. വാർഷിക പദ്ധതിയിൽ വൻതുക വകയിരുത്തുന്നുണ്ടെങ്കിലും ചെലവിന്റെ ശതമാനവും നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണവും വളരെ കുറവാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഭവശേഷി അനുസരിച്ച് പ്രോജക്ടുകളുടെ എണ്ണവും അടങ്കലും നിശ്ചയിക്കേണ്ടതും വിഭാവനം ചെയ്യുന്ന പ്രോജക്ടുകളെല്ലാം മുൻഗണന ക്രമത്തിൽ നടപ്പിലാക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഭരണ ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയുടെ വരവ് ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,775 | 41,74,408 | 41,82,183 | 41,28,872 | 53,311 |
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,04,02,835 | 2,04,02,835 | 2,04,02,835 | 0 |
| ആകെ | 7,775 | 2,45,77,243 | 2,45,85,018 | 2,45,31,707 | 53,311 |

## 1-6 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ആകെ ഉണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 196 | 11,47,800 |
| | | |

| | | |
|---|---|---|
| വിധവ പെൻഷൻ | 812 | 47,52,600 |
| വികലാംഗ പെൻഷൻ | 205 | 11,86,800 |
| വാർദ്ധക്യ കാല പെൻഷൻ | 1190 | 68,14,800 |
| അവിവാഹിത പെൻഷൻ | 18 | 96,000 |

## 1-7 ആസ്തി പരിപാലനം

1994 -ലെ കേരള പഞ്ചായത്ത് രാജ് 166-ാം വകുപ്പ് അനുസരിച്ച് സ്ഥാപനത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ സംരക്ഷണമെന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. 169-ാം വകുപ്പ് പ്രകാരം എൻ.എച്ച്., എസ്.എച്ച്., ജില്ലാ റോഡുകൾ എന്നിവ ഒഴികെയുള്ള എല്ലാ റോഡുകളും, 218 -ാം വകുപ്പ് പ്രകാരം എല്ലാ പൊതു ജല സ്രോതസുകളും, അവയോട് ചേർന്നുള്ള സ്വകാര്യ വസ്തുക്കൾ അല്ലാത്ത ഭൂമിയും, 278 -ാംവകുപ്പ് പ്രകാരം കന്നുകാലി മേച്ചിൽ സ്ഥലം, ശ്മശാനം, വണ്ടിതാവളം എന്നിവയും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്.

നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്തതിനാൽ പല പഞ്ചായത്തുകളുടെയും വസ്തുവകകൾ കൈയ്യേറ്റം വഴിയോ അല്ലാതെയോ അന്യാധീനപ്പെടുന്ന സ്ഥിതി വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി 16.05.2018 -ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ സി2 - 15471 -ൽ പരാമർശിച്ചിട്ടുണ്ട്. അതിനാൽ സ്ഥലപരിശോധന നടത്തി ആസ്തികൾ നഷ്ടപ്പെട്ടിട്ടില്ല ഉറപ്പുവരുത്താനും എല്ലാ ഗ്രാമപഞ്ചായത്തുകളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

കാലാകലങ്ങളിൽ സ്ഥലപരിശോധന നടത്തി ആസ്തികൾ നഷ്ടപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്/വികസന സ്റ്റാറ്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ കൺവീനറായും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപികരിക്കാൻ 08.11.2018 -ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ സി2 - 15471 - പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് ആസ്തികൾ സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈകൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 31.07.2011 -ലെ സർക്കുലർ നമ്പർ 20332/ആർ.സി. 3/2011/തസ്വഭവ -യിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ട പ്രവൃത്തി 31.12.2018 -നകം എല്ലാ ഗ്രാമപഞ്ചായത്തുകളും വീഴ്ച കൂടാതെ പൂർത്തിയാക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 09.03.2021 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/2019-20 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 27.04.2019 -ലെ തീരുമാന നമ്പർ 03/1 പ്രകാരം പ്രസിഡന്റ് ചെയർമാനും വികസന സ്റ്റാറ്റിംഗ് കമ്മിറ്റി ചെയർമാൻ വൈസ് ചെയർമാനും സെക്രട്ടറി കൺവീനറും അസി. എഞ്ചിനീയർ ജോയിന്റ് കൺവീനറുമായി നിശ്ചയിച്ച് കൊണ്ട് ആസ്തി സംരക്ഷണ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കാൻ നിർദ്ദേശം നൽകാനും തീരുമാനിച്ചിട്ടുണ്ട്. 22.06.2019 -ലെ തീരുമാന നമ്പർ 13/1 പ്രകാരം നിരവധി തവണ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് സാങ്കേതിക വിഭാഗത്തിന് നിർദ്ദേശം നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ അസി. എഞ്ചിനീയർക്ക് കർശന നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചെങ്കിലുമം തുടർ നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നായ ആസ്തി സംരക്ഷണം എന്നതിന്റെ ഗൗരവം ഉൾകൊണ്ടുകൊണ്ട് അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,43,805രൂപ(രണ്ട് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി എണ്ണൂറ്റി അഞ്ച് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസ് ഡേ ബുക്ക് , ക്യാഷ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസായ തൊഴിൽ നികുതിയുടെ അസസ്മെന്റ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഡി.സി.ബി. യുടെ സംക്ഷിപ്തം മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മറ്റൊരു പ്രധാന രജിസ്റ്ററായ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നികുതി പിരിവിന്റെ പ്രതിമാസ പുരോഗതി വിലയിരുത്തുന്നതിൽ വീഴ്ചകൾ ഉള്ളതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിടെ യോഗമിനുട്ട്സ് പരിശോധിച്ചതിൽ കാണുന്നു. സാമ്പത്തിക വർഷാവസാനത്തോടെയാണ് വസ്തുനികുതിയുടെ സിംഹഭാഗവും പിരിച്ചെടുത്തിട്ടുള്ളത്. തൻവർഷത്തെയും മുൻവർഷങ്ങളിലെയും അടക്കം ഏകദേശം 60 ലക്ഷത്തോളം രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നായ ആസ്തി സംരക്ഷണ നടപടികൾ കാര്യക്ഷമമല്ല. അയത് സംബന്ധിച്ച ഈ റിപ്പോർട്ടിലെ ഖണ്ഡിക 1- ലെ പരാമർശം കാണുക. ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കിയതിലും ബഡ്ജറ്റ്

നിയന്ത്രണത്തിലും പോരായ്മകൾ ഉണ്ട് ( ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1 ലെ പരാമർശം കാണുക). പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ന്യൂനതകൾ ഉണ്ട് (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-4 ലെ പരാമർശം കാണുക).

## 1-10 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിച്ചില്ല.

വിവിധ സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ/പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് 13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്റ്റിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നല്കേണ്ടതുമാണ്.

4) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

5)സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയടക്കം ആകെ ₹23,03,327/- തിരിച്ചടക്കാതെ അവശേഷിക്കുന്നുണ്ട്. തുക കൈമാറിയ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-10-1 ജില്ലാ പഞ്ചായത്ത്.

2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ ₹11,97,705/- വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ ₹11,88,216/- -യുടെ വിശദാംശങ്ങളെ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളൂ. ആയത് ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര് | ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2016-17 | 103600 | 0 | 103600 |
| 2 | എസ്.ടി. കുട്ടികളുടെ പ്രഭാത ഭക്ഷണം | 2016-17 | 107100 | 0 | 107100 |
| 3 | എസ്.ടി. കുട്ടികളുടെ പ്രഭാത ഭക്ഷണം | 2016-17 | 109620 | 65662 | 43958 |
| 4 | പാലിന് സബ്സിഡി | 2017-18 | 43000 | 0 | 43000 |
| 5 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ | 2018-19 | 2688013 | 2686911 | 1102 |
| 6 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | 2018-19 | 389456 | 0 | 389456 |
| 7 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | 2019-20 | 500000 | 0 | 500000 |
| ആകെ | | | | | 11,88,216 |

വാർഷിക കണക്കുകളിൽ അധികമായുള്ള തുക ₹9,489/- ( 11,97,705 - 11,88,216) സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2016-17, 2017-18, 2018-19 ലഭിച്ച തുകകൾ 2019-20 വർഷത്തിലും ചെലവഴിച്ചിട്ടില്ല. ഈ തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. മേൽ തുകകൾ നാളിതുവരെ ചെലവഴിക്കാത്ത പക്ഷം തിരികെ നൽകേണ്ടതാണ്.

### 1-10-2 ബ്ലോക്ക് പഞ്ചായത്ത്

2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ ₹11,05,622/- വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ ₹10,03,153/- -യുടെ വിശദാംശങ്ങളെ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളൂ. ആയത് ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര് | ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ | 2018-19 | 722842 | 718089 | 4753 |
| 2 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികജാതി | 2018-19 | 533362 | 509373 | 23989 |

| | | | | | |
|---|---|---|---|---|---|
| 3 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | 2018-19 | 54411 | 0 | 54411 |
| 4 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ | 2019-20 | 1500000 | 1480000 | 20000 |
| 5 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം | 2019-20 | 400000 | 0 | 400000 |
| 6 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | 2019-20 | 500000 | 0 | 500000 |
| ആകെ | | | | | 10,03,153 |

വാർഷിക കണക്കുകളിൽ അധികമായുള്ള തുക ₹1,02,469/- (11,05,622 - 10,03,153) സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2018-19 ലഭിച്ച തുകകൾ 2019-20 വർഷത്തിലും ചെലവഴിച്ചിട്ടില്ല. ഈ തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. മേൽ തുകകൾ നാളിതുവരെ ചെലവഴിക്കാത്ത പക്ഷം തിരികെ നൽകേണ്ടതാണ്.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ഓഡിറ്റ് നിരീക്ഷണങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(I) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ,മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസം യോഗം കൂടുകയും ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവ് കണക്കുകൾ പാസാക്കുകയും കൃത്യമായി മിനിട്ട്സ്ബുക്കിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതി 100% പിരിച്ചെടുക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കാര്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് 11/2019,01/2020( രണ്ട് യോഗങ്ങൾ ) 02/2020 എന്നീ മാസങ്ങളിൽ മാത്രമാണ് ചർച്ച നടത്തിയിട്ടുള്ളത് . ചേർന്ന യോഗങ്ങളിൽ പിരിച്ചെടുക്കാനുള്ള തുക, വരവ്, ബാലൻസ് എന്നിവയുടെ റിവ്യൂ നടത്തുകയോ പിരിവ് ചുമതലയുള്ള ക്ലാർക്കുമാരുടെ പ്രവർത്തനം അവലോകനം ചെയ്യുകയോ ടാർജ്ജറ്റ് അച്ചീവ് ചെയ്തിട്ടില്ലെങ്കിൽ ആയത് വിലയിരുത്തുകയോ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. തൻവർഷത്തെ വസ്തുനികുതി വരവ് 84% വും, കുടിശ്ശിക വരവ് 21% മാണ്.തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിലെ കളക്ഷൻ സംബന്ധിച്ച് യാതൊരു ചർച്ചയും നടത്തിയിട്ടില്ല.
പഞ്ചായത്തിന് ലഭിക്കേണ്ടതായ എല്ലാ നികുതി- നികുതിയേതര വരുമാനങ്ങൾ എല്ലാ വർഷങ്ങളിലും കിട്ടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. വരും വർഷങ്ങളിൽ തനത് വരുമാന സ്രോതസ്സുകളിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ എല്ലാ വരുമാനങ്ങളും ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് അവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തനത് വരുമാന സ്രോതസ്സുകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾ വികസന, സാമൂഹിക – ക്ഷേമപ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുക എന്നത് പ്രധാനമാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ എല്ലാ വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്നതും അവയിൽ നിന്നും വരുമാനങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ തനത്ഫണ്ടിലെ വരുമാനങ്ങളെല്ലാം ലഭ്യമാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ലെന്നും , നടപടികൾ സ്വീകരിക്കുന്നില്ലെന്നും കാണുന്നു.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### 1-12-1 നികുതി - നികുതിയേതര വരുമാനങ്ങൾ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ഇനങ്ങളിലെ ഡിമാന്റിന്റെ കൃത്യതയും , പിരിവിന്റെ പുരോഗതിയും നിരീക്ഷിക്കേണ്ടതിന്റെ പ്രധാന ഉത്തരവാദിത്തം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്കാണ്. വസ്തുനികുതി, വാടക എന്നീ ഇനങ്ങളുടെ ഡിമാന്റ് മാത്രമാണ് കൃത്യമായി ചെയ്യുന്നത്. മറ്റു വരവിനങ്ങളിലെ ഡിമാന്റ് - കളക്ഷൻ എന്നിവയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ പഞ്ചായത്തിന് 29,02,420 രൂപ വരവുണ്ട്. പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽനികുതി അടയ്ക്കുന്നതിന് ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അടങ്ങിയ സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നമ്പർ നൽകുന്നില്ല. മുൻ വർഷങ്ങളിൽ തൊഴിൽനികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളും തൊഴിൽനികുതി അടച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തുന്നില്ല. തൻവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാതിരുന്ന സ്ഥാപനങ്ങളുണ്ട് (ഖണ്ഡിക 1-15 കാണുക ).

ലോഡ്ജുകളുടെ ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് തൻവർഷം 3,84,300 രൂപ വരവുണ്ട്. 2018 – 19 വർഷത്തിൽ 84 ലോഡ്ജുകളാണ് ലൈസൻസ് എടുത്തിരുന്നത്. 2019 – 20 ൽ പുതിയവ ഉൾപ്പെടെ 64 ലോഡ്ജുകളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മുൻ വർഷം പ്രവർത്തിച്ചിരുന്ന പതിനൊന്ന് ലോഡ്ജുകൾ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ചില ലോഡ്ജുകകൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറിയുടെ നോട്ടീസിന് നടത്തിപ്പുകാർ/ ഉടമസ്ഥർ മറുപടി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച ലോഡ്ജുകൾക്കെതിരെ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

ഡി & ഒ ലൈസൻസ് ഇനത്തിൽ തൻവർഷം 1,76,700 രൂപ വരവുണ്ട്. തൻവർഷ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻവർഷത്തെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തോയെന്ന് ഉറപ്പു വരുത്തുന്നില്ല.തൻവർഷം പുതുതായി തുടങ്ങിയ കച്ചവട സംരംഭങ്ങൾ എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. നിയമപ്രകാരമുള്ള ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല (ഖണ്ഡിക 1- 16 കാണുക).

## 1-12-2 പ്രതിമാസ അവലോകനം തൃപ്തികരമല്ല

സെക്രട്ടറി തയ്യാറാക്കി സമർപ്പിക്കുന്ന ഓരോ മാസത്തെയും വരവ് - ചെലവ് പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. വരവിനങ്ങളുടെ ഇനം തിരിച്ച് പിരിവ് പുരോഗതി വിലയിരുത്തി തുടർന്നുള്ള മാസങ്ങളിൽ കൈവരിക്കേണ്ട ടാർജറ്റ് നിശ്ചയിച്ച് അവ നേടുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

ഒരോ മാസത്തെയും ആകെ വരവ് - ചെലവ് കണക്കുകൾ അംഗീകരിക്കുക മാത്രമാണ് നിലവിൽ ചെയ്തു വരുന്നത്. വരവിന്റെയും , ചെലവിന്റെയും ഇനം തിരിച്ചുള്ള കണക്കുകൾ പരിശോധിക്കുന്നില്ല. വരവിനങ്ങളിൽ വസ്തുനികുതിയുടെ ആകെ പിരിവ് മാത്രമാണ് യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുള്ളത്. ഈയിനത്തിൽ തൻവർഷ ഡിമാന്റ് 1,30,72,794/- രൂപയും കളക്ഷൻ 1,10,23,273 രൂപയുമാണ്. ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ തനതു ഫണ്ട് വരവിനങ്ങളുടെ പിരിവ് പുരോഗതി വിലയിരുത്തിയിട്ടില്ല. നവംബർ മാസത്തിൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ സിസംബറിൽ 100% വസ്തുനികുതി ഈടാക്കുന്നതിന് തീരുമാനിച്ചു. ഡിസംബറിൽ വസ്തുനികുതി പിരിവ് 12% വും, ജനുവരി ആദ്യ ആഴ്ചയിൽ 40% വും , 17.01.2020 ൽ 57% വും, 07.02.2020 ൽ 59% വുമാണ്. വാർഡ് അടിസ്ഥാനത്തിൽ ഈടാക്കിയ നികുതി എത്രയാണെന്നോ , ബാലൻസ് എത്രയാണെന്നോ ചർച്ച ചെയ്യുന്നില്ല. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.വർഷാവസാനമാവാറായിട്ടും ആകെ നികുതിയുടെ 60% മാണ് ഫെബ്രുവരി വരെ ഈടാക്കിയത്. മാർച്ച് 31 വസ്തുനികുതിയിനത്തിൽ ലഭ്യമായത് 31,18,181 രൂപയ്ക്കുള്ള ചെക്കുകളാണ്. ഇതിൽ എട്ട് ലക്ഷം രൂപക്കുള്ള ചെക്കുകൾ ബൗൺസായതിനാൽ ലഭ്യമായിട്ടില്ല( ഖണ്ഡിക 1-14 കാണുക).

പഞ്ചായത്തിന് ലഭിക്കേണ്ടതായ എല്ലാ വരുമാനങ്ങളും കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി വരവിന്റെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യുന്നുണ്ടെന്ന് പരിശോധിക്കേണ്ടതുമാണ്.നികുതി-നികുതിയേതര വരുമാനങ്ങൾ ലഭിക്കുന്നതിന് വർഷാരംഭത്തിൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും , മാസംതോറും പിരിവ് പുരോഗതി വിലയിരുത്തി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1- 13 പണം അടവാക്കലുകൾക്ക് രസീതി നൽകുന്നില്ല

കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011 പ്രകാരം പഞ്ചായത്തിന് നേരിട്ട് ലഭിക്കുന്ന എല്ലാ പണം വരവുകൾക്കും രസീതി നൽകേണ്ടതാണ് (ചട്ടം 20 ). ഓഡിറ്റിന്റെ ഭാഗമായി പണം അടവ് പരിശോധന വേളയിൽ താഴെ പറയുന്ന പണം സ്വീകരിക്കലുകൾക്ക് രസീതി നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

## 1-13-1 വസ്തുനികുതി അടവാക്കിയതിന് രസീതി നൽകിയില്ല

ഡേ ബുക്ക് പ്രകാരം 09.12.2020ൽ കളക്ഷൻ 93632 രൂപയാണ് . ബാങ്കിൽ അടവാക്കിയത് 94746 രൂപയാണ്. 1114 രൂപ ക്യാഷ് രസീതി മുഖേന സ്വീകരിക്കാതെ ബാങ്കിൽ അടവാക്കിയിട്ടുണ്ട്.മേൽ പരാമർശിച്ച തരത്തിൽ രസീതി മുഖേന പണം സ്വീകരിക്കാതെ നേരിട്ട് ബാങ്കിൽ അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 7/19- 20/ 8.3.2021 ) സമർപ്പിച്ച മറുപടി ചുവടെ കൊടുക്കുന്നു.

മേൽ സൂചിപ്പിച്ച 1114 രൂപ വസ്തുനികുതിയിനത്തിൽ സ്വീകരിച്ച തുകയാണ്. ചെക്ക് മുഖേന അടവാക്കിയ കെട്ടിടത്തിന്റെ വസ്തുനികുതി ഡിമാന്റ് തുകയേക്കാൾ 1114 രൂപ കുറവായിരുന്നതിനാൽ ക്യാഷ് രസീതി നൽകാതെ നേരിട്ട് സ്വീകരിക്കുകയും അന്നേ ദിവസത്തെ കളക്ഷനോടൊപ്പം ചേർത്ത് അടവാക്കുകയും ചെയ്തു.

## 1-13-2 വസ്തു നികുതി പിഴ പലിശ അടവാക്കിയതിന് രസീതി നൽകിയില്ല

1. ഡേ ബുക്ക് പ്രകാരം 20.11.2020 ൽ കളക്ഷൻ 139557 രൂപയാണ് . ബാങ്കിൽ അടവാക്കിയത് 140040 രൂപയാണ്. 483 രൂപ ക്യാഷ് രസീതി മുഖേന സ്വീകരിക്കാതെ ബാങ്കിൽ അടവാക്കിയിട്ടുണ്ട്.

2. 02.12.2020 ലെ ഡേ ബുക്കിലെ കുറിപ്പ് പ്രകാരം വസ്തുനികുതിയിനത്തിൽ പലിശയായി ഫ്രണ്ടോഫീസിൽ സ്വീകരിച്ച 35രൂപ ക്യാഷ് രസീതി മുഖേന ഈടാക്കാതെ നേരിട്ട് ബാങ്കിൽ അടവാക്കിയിട്ടുണ്ട്.

മേൽ പരാമർശിച്ച തരത്തിൽ രസീതി മുഖേന പണം സ്വീകരിക്കാതെ നേരിട്ട് ബാങ്കിൽ അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 7/19- 20/ 8.3.2021 ) സമർപ്പിച്ച മറുപടി ചുവടെ കൊടുക്കുന്നു.

ക്രമനമ്പർ ഒന്നിൽ സൂചിപ്പിച്ച 483 രൂപ 2019-20 ലെ വസ്തുനികുതിയിനത്തിലെ പിഴ പലിശയാണ്. 31.03.2020ൽ ചെക്ക് നമ്പർ 004200പ്രകാരം ലഭിച്ച വസ്തുനികുതി തുക മുഴവൻ റസീറ്റ് ചെയ്തിട്ടില്ലെന്ന് റീ കൺസിലിയേഷൻ സമയത്ത് ബോധ്യപ്പെടുകയും അവശേഷിക്കുന്ന തുക 20.11.2020 ചെക്ക് മുഖേന അടവാക്കിയപ്പോൾ പിഴ പലിശ കൂടി ഡിമാന്റ് ചെയ്യപ്പെടുകയും ചെക്ക് പ്രകാരം മതിയായ തുക ലഭ്യമല്ലാത്തതിനാൽ പിഴ പലിശ ക്യാഷ് രസീതി നൽകാതെ നേരിട്ട് സ്വീകരിക്കുകയും പ്രസ്തുത ദിവസത്തെ ഫ്രണ്ടോഫീസ് കളക്ഷനൊപ്പം ബാങ്കിൽ അടവാക്കുകയും ചെയ്തു.

ക്രമനമ്പർ രണ്ടിൽ സൂചിപ്പിച്ച 35 രൂപ ഡി.ടി.പി.സി യുടെ വസ്തുനികതിയിനത്തിലെ പിഴ പലിശയാണ്. വസ്തുനികതി അടവാക്കിയപ്പോൾ പിഴ പലിശ തുക ചെക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിഴയിനത്തിലെ തുക ക്യാഷ് രസീതി നൽകാതെ നേരിട്ട് സ്വീകരിക്കുകയും ബാങ്കിൽ അടവാക്കുകയും ചെയ്തു.

ഇത്തരത്തിൽ തുക അടവാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ലെങ്കിലും ക്യാഷ് രസീതി നൽകാത്തതിനാൽ ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

1-14 ചെക്കുകൾ ബാങ്കിൽ സമർപ്പിക്കുന്നതിൽ കാലതാമസം - ചെക്കുകൾ ബൗൺസ് ആകുന്നു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ , 2011 ൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ചെക്കുകളായോ, ഡിമാന്റ് ഡ്രാഫ്റ്റായോ ലഭിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ( ചട്ടം 21, 23 ) , ബാങ്ക് സ്വീകരിക്കാത്ത ചെക്കുകൾ മടങ്ങുമ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും (ചട്ടം 22 ) വിശദീകരിച്ചിട്ടുണ്ട്.

ചെക്ക് മുഖേന ലഭിക്കുന്ന തുകകൾ അന്നോ, അടുത്ത ദിവസമോ ബാങ്കിൽ നിക്ഷേപിക്കണ്ടതും, ചെക്ക് ബാങ്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ അതിനു വേണ്ടി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്ത് പ്രസ്തുത വിവരം ചെക്ക് നൽകിയ ആളെ അറിയിച്ച് ബന്ധപ്പെട്ട തുക ഉചിത മാർഗ്ഗ മുഖേന പഞ്ചായത്തിൽ അടവാക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്. എന്നാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിൽ ലഭിച്ച ചെക്ക് ബാങ്കിൽ നൽകുന്നതിൽ കാലതാമസം ഉണ്ടാവുകയും, മടങ്ങിയ ചെക്കുകളിൻ മേൽ ചട്ടപ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നത് മാസങ്ങൾ കഴിഞ്ഞായതിനാലും തുകകൾ ലഭിക്കുന്നതിന് കേസ് നൽകിയിരിക്കുകയാണ്.

വസ്തുനികുതിയിനത്തിൽ 31.03.2020 ൽ ചെക്ക് മുഖേന 32,16,137/- രൂപ ഫ്രണ്ടോഫീസിൽ രസീത് ചെയ്തിട്ടുണ്ട്. ഇതിൽ ചില ചെക്കുകൾ 14.05.2020 ൽ ബൗൺസായിട്ടുണ്ട്. മേൽ സൂചിപ്പച്ച തീയതിൽ ലഭ്യമായ ചെക്കുകൾ ബാങ്കിൽ സമർപ്പിച്ച തീയതിയും അക്കൗണ്ടിൽ കളക്ഷനായ തീയതിയും മറ്റ് വിശദാംശങ്ങളും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. 31.03.2020 ൽ ഫ്രണ്ടോഫീസിൽ ലഭിച്ചതിൽ ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ 83,278/- രൂപ കിഴിച്ചുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നം. | പേര് | ചെക്ക് നം, തീയതി | തുക | ചെക്ക് ബാങ്കിൽ സമർപ്പിച്ച തീയതി | അക്കൗണ്ടിൽ കളക്ഷനായ തീയതി | |
|---|---|---|---|---|---|---|
| 1 | വി.ജെ ജോസഫ് | 229376/ 31.03.20 | 52833 | 06.04.2020 | 23.4.20 | വസ്തുനികുതി – റിസോർട്ട് |
| 2 | മാത്യു, ശൈസമ്മ | 505217/ 31.03.20 | 3057 | 8.5.20 | 30.5.20 | വസ്തുനികുതി – കടകൾ |
| 3 | കാരിക്കൽ ജോസ് | 505216/ 31.03.20 | 30872 | 8.5.20 | 30.5.20 | വസ്തുനികുതി – കടകൾ |
| 4 | അശോക് കുമാർ | 460597/ 31.03.20 | 143059 | 8.5.20 | -- | വസ്തുനികുതി – ബ്ലൂ ജിഞ്ചർ റിസോർട്ട് . ചെക്ക് ബൗൺസ് ആയതിനാൽ കേസ് നൽകിയിട്ടുണ്ട് |
| 5 | മനോജ് കുമാർ | 675683/ 31.03.20 | 105634 | 08.5.20 | 12.06.20 | ലക്കിടി ടൂറിസ്റ്റ് സെന്റർ – വാടക |
| 6 | ഡോ. കെ. ആയിഷാബി | 750413/ 31.03.20 | 1382746 | 08.05.20 | 19.10.2020 | വസ്തുനികുതി – റിസോർട്ട് |
| 7 | സഫ്രീന മുഹമ്മദ് | 363835/ 31.03.20 | 67935 | 08.05.20 | 30.06.2020 | വസ്തുനികുതി – റിസോർട്ട് |
| 8 | എൻ.കെ | 75044/ | 56163 | 08.05.2020 | 30.06.2020 | വസ്തുനികുതി – |

| | | | | | | |
|---|---|---|---|---|---|---|
| | മുഹമ്മദ് | 31.03.20 | | | | റിസോർട്ട് |
| 9 | എ.കെ കുഞ്ഞാലി മുതൽപേർ | 739850 /31.03.20 | 232102 | 08.05.2020 | 30.06.2020 | വസ്തുനികുതി – ലോഡ്ജ് |
| 10 | സെയ്തലവി | 662385/ 31.03.20 | 18867 | 08.05.2020 | 30.05.2020 | വസ്തുനികുതി – ലോഡ്ജ് |
| 11 | പി.പി അച്യുതൻ | 006270/31.03.20 | 10921 | 08.05.2020 | 30.05.2020 | വസ്തുനികുതി – ഹോട്ടൽ |
| 12 | പ്രൈം ലാന്റ് ഹോൾഡിംഗ് – | 004200/ 31.03.20 | 214901 | 01.06.2020 | 12.06.2020 | വസ്തുനികുതി – |
| 13 | മെയ്തീൻകോയ, സി.മെയ്തീൻ കോയ, | 157714/ 31.03.20 | 200000 | 26.06.2020 | -- | വസ്തുനികുതി – . ചെക്ക് ബൗൺസ് ആയതിനാൽ കേസ് നൽകിയിട്ടുണ്ട് |
| 14 | മെയ്തീൻകോയ, സി.മെയ്തീൻ കോയ, | 157717 /31.03.20 | 309212 | 26.06.2020 | -- | വസ്തുനികുതി – . ചെക്ക് ബൗൺസ് ആയതിനാൽ കേസ് നൽകിയിട്ടുണ്ട് |
| 15 | മെയ്തീൻകോയ, സി.മെയ്തീൻ കോയ, | 157715/ 31.03.20 | 200000 | 26.06.2020 | -- | വസ്തുനികുതി – . ചെക്ക് ബൗൺസ് ആയതിനാൽ കേസ് നൽകിയിട്ടുണ്ട് |
| 16 | അബ്ദുൾ സലീം | 008692/ 31.03.2020 | 59216 | -- | 13.03.2021 | ചെക്ക് കളക്ഷന് നൽകുന്നതിന് ലഭ്യമാവാത്തതിനാൽ (ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം) 13.3.2021 ലാണ് തുക അടവാക്കിയത്. |
| 17 | ഫൈസൽ .കെ | 032888/ 31.03.2020 | 5282 | 29.06.2020 | 14.07.2020 | വസ്തുനികുതി |
| 18 | നടാഷ. എ. ടാംടൺ | 031942/ 31.03.2020 | 25374 | 25.06.2020 | 29.06.2020 | വസ്തുനികുതി |
| | ആകെ | | 3118481 | 29.06.2020 | 14.07.2020 | |

കോവിഡ് സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ ചെക്കുകൾ ബാങ്കിൽ സമർപ്പിക്കുന്നതിന് സാവകാശം നൽകണമെന്ന് കെട്ടിട ഉടമകൾ ഫോൺ മുഖേന ആവശ്യപ്പെട്ടതനുസരിച്ചാണ് രണ്ട് മാസം കഴിഞ്ഞ് ചെക്കുകൾ ബാങ്കിൽ സമർപ്പിച്ചത്. തുകകൾ അടവാക്കാത്ത ക്രമനമ്പർ 4,13,14,15,16 എന്നി കെട്ടിട ഉടമകൾക്കെതിരെ കേസ് നൽകിയിട്ടുണ്ട്.നിലവിൽ 8,52,271 രൂപ ഈ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ ലഭിക്കാനുണ്ട്.

ക്രമനമ്പർ 16 പ്രകാരം രസീതാക്കിയ ചെക്ക് കളക്ഷന് നൽകുന്നതിന് ലഭ്യമാവാത്തതിനാൽ (ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം) 13.3.2021 ലാണ് അടവാക്കിയത്.

അക്കൗണ്ടിൽ തുക ഇല്ലാത്ത അവസ്ഥയിൽ മാർച്ച് 31 ന് ചെക്ക് നൽകിയ കെട്ടിട ഉടമകളുടെ പ്രവർത്തി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത വിവരം അറിയിച്ചിട്ടും ചട്ടം 23 പ്രകാരം നടപടികൾ പഞ്ചായത്ത് സ്വീകരിച്ചില്ല. പല ചെക്കുകളും പല ദിവസങ്ങളിലായാണ് ബാങ്കിൽ സമർപ്പിച്ചിരിക്കുന്നത്. പട്ടികയിൽ ക്രമനമ്പർ സൂചിപ്പിച്ച തീയതികളിൽ ചെക്ക് സമർപ്പിച്ചപ്പോൾ 14.05.2020 ന് ബൗൺസ് ആയിട്ടും ചട്ടം 23 പ്രകാരമുള്ള നടപടികൾ

സ്വീകരിച്ചില്ലെന്ന് മാത്രമല്ല ഈ വിഷയം ഭരണസമിതി ചർച്ച ചെയ്തത് കേസ് നൽകുന്നതിന് തീരുമാനമെടുത്തത് 25.08.2020 ലാണ്.

മേൽ പരാമർശിച്ച ചട്ടങ്ങൾ പ്രകാരം ചെക്ക്/ ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവ കാഷ്യർ ബാങ്കിൽ അടവാക്കിയിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പു വരുത്തേണ്ടതും, ഓരോ മാസത്തിലും റീ കൺസിലേഷൻ നടത്തി ലഭിച്ച തുകകൾ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തി എന്തെങ്കിലും തകരാറുകൾ ഉണ്ടെങ്കിൽ അവ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല എന്നാണ് വ്യക്തമാകുന്നത്.
മേൽ വിഷയത്തിൽ ഉദ്യോഗസ്ഥ തലത്തിലും, ഭരണ തലത്തിലും അനാസ്ഥയുണ്ടായി. വർഷാവസാന പ്രവർത്തി ദിവസത്തിൽ വൻതുകകൾ ചെക്ക് മുഖേന അടവാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ചെക്കുകൾ മുഖേന ലഭിക്കുന്ന തുകകൾ അടവാക്കുന്നതിലും, തുടർ നടപടികൾ സ്വീകരിക്കുന്നതിലും ചട്ടത്തിൽ പാരാമർശിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നെണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

### 1-15 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്റ്റ് ,1994(വകുപ്പ് 204) പ്രകാരം ഓരോ അർദ്ധവർഷവും ജീവനക്കാരന് ലഭിക്കുന്ന ആകെ വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽനികുതി നിരക്ക് 3-ാം ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്

### 1-15-1 ജീവനക്കാരനിൽ നിന്നും കുറഞ്ഞനിരക്കിൽ തൊഴിൽ നികുതി ഈടാക്കി

താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി.

| ക്രമ നമ്പർ | പേര് , സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|
| | ജസ്സ സി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ,വൈത്തിരി | 74410 | 600 | 300 ( 1190 – 0179 ) 20.9.2019 |
| | വ്യത്യാസം | | | 300 |

തൊഴിൽനികുതി ഈടാക്കിയതിലെ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-15-2 സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് ,1994 വകുപ്പ് 205(ഇ) ഒരോ വർഷവും പഞ്ചായത്ത് പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ ആളുകളെ നിയമിച്ച എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസുകളുടെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തിയ സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ മുൻ വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയോ എന്ന് ഉറപ്പ് വരുത്തുന്നില്ല. മുൻ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കാവേരി ബിൽഡിംഗ് ഡിസൈനേഴ്സ് |
| 2 | വൈത്തിരി ക്ലിനിക്ക് |
| 3 | ഓറിയന്റൽ കോളേജ് ഓഫ് മാനേജ്മെന്റ് |
| 4 | കഫേ കോഫിഡേ ,ലക്കിടി |
| 5 | ലക്കിടി വില്ലേജ് റിസോർട്ട് |
| 6 | ഡാനിഷ് റിസോർട്ട് |
| 7 | വാൽനട്ട് കേക്ക്സ് |
| 8 | മൂത്തൂറ്റ് ഫിൻകോർപ്പ് ,വൈത്തിരി |

ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിൽ(2018-19) ക്രമനമ്പർ 3 ൽ സൂചിപ്പിച്ച സ്ഥാപനം 2017-18 രണ്ടാം അർദ്ധവർഷം (അടവാക്കിയത് 2018 ഏപ്രിൽ മാസത്തിൽ) രണ്ട് സ്ഥാപനങ്ങളുടെ തൊഴിൽനികുതി അടവാക്കിയത് 112 ജീവനക്കാരിൽ നിന്നും ഈടാക്കിയ 100550 രൂപയും,52 ജീവനക്കാരിൽ നിന്നും ഈടാക്കിയ 38250 രൂപയുമാണ്. 2018-19ൽ അടവാക്കിയത് ഒരു

സ്ഥാപനത്തിന്റെ തൊഴിൽനികുതിയാണ്. ഒന്നാം അർദ്ധവർഷം 112 ജീവനക്കാരിൽ നിന്നും 93280 രൂപയും, രണ്ടാംഅർദ്ധവർഷം 124ജീവനക്കാരിൽ നിന്നും 93280 രൂപയും ഈടാക്കി അടവാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് ,1994 വകുപ്പ് 205(ഐ) യിൽ സ്ഥാപനരജിസ്റ്ററിലെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ നൽകി ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ അടങ്ങിയ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സ്ഥാപനരജിസ്റ്റർ ഇല്ലാത്തതിനാൽ തൻവർഷം ലഭിക്കുന്ന തൊഴിൽനികുതി റിട്ടേണുകൾക്കനുസരിച്ചുള്ള ഡിമാന്റ് രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻവർഷ ഡിമാന്റ് രജിസ്റ്ററിൽ തന്നെയാണ് കുടിശ്ശികയായി ലഭിക്കുന്ന തൊഴിൽനികുതിയുടെ വിശദാംശങ്ങളും ഉൾപ്പെടുത്തുന്നത്.

മേൽ പരാമർശിച്ച അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടിയി സമർപ്പിച്ചിട്ടുണ്ട്.തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

സ്ഥാപനരജിസ്റ്റർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും, മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും,സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടുണ്ടന്ന് ഉറപ്പു വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15-3 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ 1996 പ്രകാരം ഏതെങ്കിലും കമ്പനിക്കോ, വ്യക്തിക്കോ ഓരോ അർദ്ധവർഷവും ലഭിച്ച ആദായത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ചുമത്തി ഈടാക്കേണ്ടതാണ്(ചട്ടം10).

2019 – 20 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് ,വൈത്തിരി | 1 ,2 സ്ഥാപന തൊഴിൽ നികുതി |
| 2 | വയനാട് ജില്ലാ സഹകരണ ബാങ്ക് , വൈത്തിരി ശാഖ | 1,2<br>സ്ഥാപന തൊഴിൽ നികുതി |
| 3 | വയനാട് ജില്ലാ സഹകരണ ബാങ്ക് ,ചുണ്ടേൽ ശാഖ | 1,2<br>സ്ഥാപന തൊഴിൽ നികുതി |
| 4 | വൈത്തിരി സർവീസ് സഹകരണ ബാങ്ക് | 1,2<br>സ്ഥാപന തൊഴിൽ നികുതി |

മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-4 റേഷൻകടകളിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1.റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2.പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കുന്നില്ല.

മേൽ ഖണ്ഡികകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലൈസൻസ് നൽകുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് , 1994 ( വകുപ്പ് 232, 236) , 1996 – ലെ കേരള പഞ്ചായത്ത് രാജ് ( ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിൽ പഞ്ചായത്തിൽ ഏതൊരാവശ്യത്തിനും വ്യാപാരങ്ങൾ , കച്ചവടങ്ങൾ എന്നിവ അനുവദിക്കുന്നതിനും നടത്തുന്നതിനുമുള്ള നടപടി ക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സംരംഭങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽ പെട്ടു.

## 1-16-1 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുന്നില്ല

മുൻ വർഷത്തെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 489 സംരംഭങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. തൻ വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൻ വർഷം 523 ലൈസൻസുകൾ നൽകിട്ടുണ്ട് . ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ പുതുതായി ലൈസൻസ് എടുത്തവരുടെ വിശദാംശങ്ങൾ ലഭ്യമല്ല. നിലവിൽ സൂക്ഷിച്ചിട്ടുള്ളത് കളക്ഷൻ രജിസ്റ്ററാണ്. അപേക്ഷകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്തിട്ടുപള്ളത്. ആയതിനാൽ നിലവിൽ പഞ്ചായത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും തന്നെ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

## 1-16-2 ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല.

1996 – ലെ കേരള പഞ്ചായത്ത് രാജ് ( ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസിന്റെ നിരക്കുകൾ സൂചിപ്പിച്ചിട്ടുണ്ട്. ജി.ഒ(പി) നം. 80/2017/ 31.10.2017 ൽ കച്ചവടത്തിനുള്ള മൂലധന ചെലവിനനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണെന്നും മൂലധന ചെലവിനനുസരിച്ച് ഫീസ് നിരക്കുകൾ പുനർ നിർണ്ണയിച്ചിട്ടുമുണ്ട്.സേവന മേഖലയിൽ മൂലധനചെലവ് പത്ത് ലക്ഷത്തിൽ താഴെയാണെങ്കിൽ അഞ്ഞൂറ് രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. അപേക്ഷകളിൽ മൂലധനചെലവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും അതിനനുസരിച്ചല്ല ഫീസ് ഈടാക്കുന്നത് .ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | ലൈസൻസി | ലൈസൻസ് നം | മൂലധന ചെലവ് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ടി. എ. ജോസഫ് | 260/ 19-20 / 30.08.2019 | 5 ലക്ഷം | 300 <u>1180-6219</u> 11.03.2019 | 500 |
| 2 | മൊയ്തീൻ കെ. കെ | 283/ 19-20 / 30.08.2019 | 1.9 ലക്ഷം | 300 <u>1180-6712</u> 20.03.2019 | 500 |
| 3 | കിഷോർ ഐ. പി | 264/ 19-20 / 30.08.2019 | 3 ലക്ഷം | 200 <u>1180-6301</u> 12.03.2019 | 500 |

കൂടാതെ വകുപ്പ് 236 പ്രകാരം ലൈസൻസിനായി നൽകുന്ന അപേക്ഷകളിൽ മുപ്പത് ദിവസത്തിനകം തീരുമാനമെടുത്ത് ലൈസൻസ് നൽകേണ്ടതാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും മാർച്ച് 31 ന് മുൻപ് അപേക്ഷ സ്വീകരിക്കുന്നുണ്ടെങ്കിലും ലൈസൻസ് നൽകിയത് ഓഗസ്റ്റ് മാസത്തിലാണ്.

## <u>1-16-3 ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.</u>

കേരള പഞ്ചായത്ത് രാജ് ആക്ട് , 1994 വകുപ്പ് 236(11) ൽ ഏതെങ്കിലും ലൈസൻസ് ഏത് കാലത്തേക്ക് അത് നൽകപ്പെട്ടുവോ അല്ലെങ്കിൽ ഏത് കാലത്തിനുള്ളിൽ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നുവോ ആ കാലത്തിനുള്ളിൽ അപേക്ഷ നൽകാത്ത പക്ഷം ലൈസൻസ് പുതുക്കപ്പെടുന്നത് വരെ ലൈസൻസ് ഇല്ലാത്ത ആളാണെന്ന് കരുതപ്പെടുന്നതാണ്.

മുൻ വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ 489 സംരംഭങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ 31.3.2019 ന് മുമ്പ് ലൈസൻസ് എടുക്കേണ്ടതാണ്. രജിസ്റ്റർ പ്രകാരം 310 പേരാണ് മാർച്ച് 31 ന് മുമ്പ് ലൈസൻസ് എടുത്തിരിക്കുന്നത് . അവശേഷിക്കുന്നവർക്ക് 1.4.2019 മുതൽ 19.3.2020 വരെയുള്ള കാലയളവിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട് . എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ പ്രധാന ഭാഗമായ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൂടുതൽശ്രദ്ധ പതിപ്പിക്കേണ്ടതാണ്. എല്ലാ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതാണ്. ഫീൽഡ്തല പരിശോധന നടത്തി ആക്ഷേപങ്ങൾ പരിഹരിച്ച് പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഫീസ് ഒടുക്കേണ്ട കച്ചവട സംരംഭങ്ങളുടെ പേര് വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു ഡിമാന്റ് – കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് പുതുക്കാത്തവരെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കച്ചവട സംരംഭങ്ങളായി കണക്കാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-17 അസി. എഞ്ചിനീയർ കാഷ് ബുക്കും രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ല.</u>

അസി.അസി. എഞ്ചിനീയർ കാഷ് ബുക്കും ഫയലുകളും സൂക്ഷിക്കുകന്നതിലെ പോരായ്മകൾ സംബന്ധിച്ച് വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-13 -ൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ നിലവിലും തുടരുകയാണ്.

ന്യൂനതകൾപരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 16/2019-20/ 09.03.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-18 സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു.</u>

വൈത്തിരി ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായും, ഗ്രാമ പഞ്ചായത്തിന്റെ സ്വന്തം വാഹനം ഇലക്ഷൻ ആവശ്യങ്ങൾക്കായി എററെടുത്തപ്പോഴും, പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും, എസ്.ടി വിഭാഗക്കാർക്ക് മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നന്നതിനുള്ള ആവശ്യാർത്ഥവും മറ്റ് പ്രോജക്ടുകളുമായി ബന്ധപ്പെട്ടും വാഹനങ്ങൾ വാടക്യ്ക്ക് എടുത്തിട്ടുണ്ട്. സർക്കുലർ നം. 85/2018/ഫിൻ തിയ്യതി 15-9-2018 പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കേണ്ടത് എന്നും ദീർഘകാല

അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത നിബന്ധനകൾ ഒന്നും പാലിക്കാതെയാണ് ഗ്രാമ പഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്തിരിക്കുന്നത്. ഈ ഇനത്തിൽ വന്നിട്ടുള്ള ചെലവുകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തിയ്യതി | വാഹന വാടകയിനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | 2190054 | 24-4-2019 | 12500 |
| 2 | 2190055 | 24-4-2019 | 12500 |
| 3 | 21900113 | 22-5-2019 | 2300 |
| 4 | 21900133 | 01-6-2019 | 4000 |
| 5 | 21900409 | 6-9-2019 | 5000 |
| 6 | 21900348 | 26-8-2019 | 5100 |
| 7 | 21900395 | 3-9-2019 | 1600 |
| 8 | 21900440 | 30-9-2019 | 1200 |
| 9 | 21900670 | 10-12-2019 | 1800 |
| 10 | 21900672 | 10-12-2019 | 3300 |

ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-19 അങ്കണവാടി പോഷകാഹാര പദ്ധതി-ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പദ്ധതി (എസ്.സി.പി),അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) എന്നിവ പരിശാധിച്ചതിൽ ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-19-1 അങ്കണവാടി പോഷകാഹാരം (എസ്.സി.പി)

2019-20 വർഷം അങ്കണവാടി പോഷകാഹാര വിതരണ പദ്ധതി (എസ്.സി.പി) ക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 8,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 3,31,594/- രൂപ ചെലവഴിച്ചിരിക്കുന്നത് മൈത്രി ന്യൂട്രിമിക്സ് തോമാട്ടുചാലിൽ നിന്നും അമൃതം ഫുഡ് സപ്ളിമെന്റ് വാങ്ങുന്നതിനായാണ്. എന്നാൽ ആയത് ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് അങ്കണവാടികളിൽ വിതരണം ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

അങ്കണവാടി പോഷകാഹാരം (എസ്.സി.പി)

| | |
|---|---|
| പ്രൊജക്ട് നം. | 2/20 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാര പദ്ധതി (എസ്.സി.പി) |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ (₹) | 8,00,000/- |
| ചെലവ് (₹) | 8,00,000/- |

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ്

യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരംലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, വൈത്തിരി ഗ്രാമ പഞ്ചായത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തി കൊണ്ടിരിക്കുന്ന അംഗൺവാടി പോഷകാഹാര വിതരണ പദ്ധതിയിൽ പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതായി കാണുന്നില്ല. ഗുണനിലവാരം ഉറപ്പ് വരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അംഗണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. അപാകതക്കുള്ള കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/2019-20 -ന് അമൃതം പൊടി നിർമ്മാണ സമയത്ത് ശിശു വികസന പദ്ധതി ഓഫിസറും സൂപ്പർവൈസർമാരും യൂണിറ്റ് സന്ദർശിക്കുകയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടെന്നും അമൃതംപൊടിയുടെ ഗുണനിലവാരം ടെസ്റ്റ് ചെയ്യുന്ന കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിനു കീഴിൽ ചെന്നൈയിൽ പ്രവർത്തിക്കുന്ന ഫുഡ് ആന്റ് ന്യൂട്രീഷ്യൻ ബോർഡിന്റെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ നിന്നും റിസൽട്ട് ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ടെന്നും തുടർന്ന് വരുന്ന മാസങ്ങളിൽ ഗുണനിലവാരം പരിശോധിക്കുന്ന കാര്യം വീഴ്ചയില്ലാതെ ചെയ്തുകൊള്ളാമെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-19-2 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)

2019-20 വർഷം അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)ക്കായി 16,31,063/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 6,01,448/- രൂപയും ചെലവഴിച്ചിരിക്കുന്നത് മൈത്രി ന്യൂട്രിമിക്സ് തോമാട്ടുചാലിൽ നിന്നും അമൃതം ഫുഡ് സപ്ളിമെന്റ് വാങ്ങുന്നതിനായാണ്. എന്നാൽ ആയത് ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് അങ്കണവാടികളിൽ വിതരണം ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 9/20 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം-സാധാ) |
| അടങ്കൽ (₹) | 17,00,000/- |
| ചെലവ് (₹) | 16,31,063/- |

ഗുണനിലവാരം ഉറപ്പ് വരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. അപാകതകൾക്കുള്ള കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/2019-20 -ന് അമൃതം പൊടി നിർമ്മാണ സമയത്ത് ശിശു വികസന പദ്ധതി ഓഫിസറും സൂപ്പർവൈസർമാരും യൂണിറ്റ് സന്ദർശിക്കുകയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടെന്നും . അമൃതംപൊടിയുടെ ഗുണനിലവാരം ടെസ്റ്റ് ചെയ്യുന്ന കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിനു കീഴിൽ ചെന്നൈയിൽ പ്രവർത്തിക്കുന്ന ഫുഡ് ആന്റ് ന്യൂട്രീഷ്യൻ ബോർഡിന്റെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ നിന്നും റിസൽട്ട് ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ടെന്നും തുടർന്ന് വരുന്ന മാസങ്ങളിൽ ഗുണനിലവാരം പരിശോധിക്കുന്ന കാര്യം വീഴ്ചയില്ലാതെ ചെയ്തുകൊള്ളാമെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഐ.കെ.എം ന് തുക കൈമാറുന്നതിന് പദ്ധതി തയ്യാറാക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. തുക നൽകിയതിന്റെ വിനിയോഗ വിവരം വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | എസ്-05/2020 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം വിഹിതം |
| അടങ്കൽ | 1,50,000/- ( വികസന ഫണ്ട് ജനറൽ- 1,00,000/-)<br>( തനത് ഫണ്ട്- 50,000/-) |
| ചെലവ് | 1,00,000/- ( വികസന ഫണ്ട് ജനറൽ- 1,00,000/-) |
| ബിൽ നം/ തിയ്യതി | 13/19-20/11.10.2019 – 1,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തുകവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 1,00,000 രൂപ തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-21 പഞ്ചായത്തിലേക്ക് റാക്കുകൾ വാങ്ങൽ - പദ്ധതി രൂപീകരിച്ചതിലും നടപ്പാക്കിയതിലും അപാകതകൾ.

പഞ്ചായത്തിലെ റെക്കോർഡ് റൂമിലേക്ക് റാക്കുകൾ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരിച്ചതിലും നടപ്പാക്കിയതിലും അപാകതകൾ വന്നിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | എസ്-24/2020 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലേക്ക് റാക്കുകൾ വാങ്ങൽ |
| അടങ്കൽ | 3,50,000/- ( തനത് ഫണ്ട് ) |
| ചെലവ് | 3,39,222/- |
| ചെക്ക് നം/ തിയ്യതി | 5067504/15.11.2019 – 3,39,222/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സർക്കാർ ഉത്തരവ് (എം.എസ്).11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 ഖണ്ഡിക 3.5.11 പ്രകാരം പ്രവൃത്തിയുടെ നടത്തിപ്പ് രീതി (ടെണ്ടർ/ ഗുണഭോക്തൃ സമിതി / നേരിട്ട് / ഡെപ്പോസിറ്റ്/അംഗീകൃത/അക്രഡിറ്റഡ് ഏജൻസി) പ്രോജക്ട് തയ്യാറാക്കുമ്പോൾത്തന്നെ തീരുമാനിച്ച് പ്രോജക്ടിൽ രേഖപ്പെടുത്തണം. പൊതുമാർക്കറ്റ്/ചന്തകൾ എന്നിവരിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങുന്നതിനാണ് പദ്ധതിയിൽ രേഖപ്പെടുത്തിയതെങ്കിലും റബ്കോയിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഭരണ സമിതിയുടെ 30.07.2019 ലെ 2/1 നമ്പർ തീരുമാനം പ്രകാരം റാക്കുകൾ റബ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. എന്നാൽ റാക്കുകൾ വാങ്ങുന്നതിന് മാത്രമായി തയ്യാറാക്കിയ പദ്ധതിയിൽ എക്സി. വിസിറ്റിംഗ് ചെയർ, സെമി.എക്സി.ടേബിൾ, എക്സി.ടേബിൾ എന്നിവയും റബ്കോയിൽ നിന്നും വാങ്ങി. ഈ വാങ്ങലിന് ഭരണ സമിതി അംഗീകാരം നൽകിയിട്ടില്ല. 04.11.2019 ലെ 2(2)/19 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം പഞ്ചായത്തിലേക്ക് റാക്കുകൾ വളരെ തൃപ്തികരമായി ചെയ്തതിനാലും മെമ്പർമാരുടെ ഇരിപ്പിടങ്ങൾ ലഭ്യമാക്കിയതിനാലും റബ്കോയ്ക്ക് തുക നൽകാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി റബ്കോയ്ക്ക് തുക കൈമാറി.

വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം നടത്തിയിട്ടുണ്ട്. റബ്കോ വിതരണം ചെയ്യുന്ന ഫർണ്ണീച്ചറുകൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളവയാണ്. ഈ സ്പെസിഫിക്കേഷൻ വ്യക്തമായും പദ്ധതിയിൽ ഉൾപ്പെടുത്തി, അംഗീകൃത എജൻസിയിൽ നിന്നും വാങ്ങലുകൾ എന്ന വിവരം പദ്ധതിയിൽ ചേർത്താണ് പദ്ധതി തയ്യാറാക്കേണ്ടിയിരുന്നത്.

പദ്ധതിയിലെ രേഖപ്പെടുത്തലുകൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.11/19-20/08.03.2021 നൽകിയതിന് ലഭിച്ച മറുപടിയിൽ പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ ചേർക്കാൻ വിട്ടുപോയതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ടൗൺ സൗന്ദര്യ വൽക്കരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ലക്കിടി മുതൽ ചുണ്ട വരെ റോഡിന് ഇരുവശങ്ങളിലും സൗന്ദര്യവൽക്കരിക്കുന്നതിന് വേണ്ടി ചെടികൾ നട്ടുപിടിപ്പിക്കലും ടൗൺ ഹരിത വൽക്കരണവും ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ എന്നിവക്കായി തയ്യാറാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | എസ്- 179/20 |
| പ്രോജക്ടിന്റെ പേര് | ഹരിത കേരള മിഷൻ- ടൗൺ സൗന്ദര്യവൽക്കരണവും ബോധവൽക്കരണ ബോർഡും സ്ഥാപിക്കൽ |
| അടങ്കൽ | 3,00,000( തനത് ഫണ്ട് ) |
| ചെലവ് | 86130/- |
| ചെക്ക് നം/ തിയ്യതി | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ലക്കിടി മുതൽ ചുണ്ട വരെ റോഡിന് ഇരുവശങ്ങളിലും സൗന്ദര്യ വൽക്കരിക്കുന്നതിന് വേണ്ടി ചെടികൾ നട്ട് പിടിപ്പിക്കലും ടൗൺ ഹരിത വൽക്കരണവും ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിചെടികൾ സംരക്ഷിക്കുന്നതിനുമാണ് പദ്ധതി വിഭാവനം. പദ്ധതി മൂന്ന് ഭാഗമായാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യം നാഷനൽ ഹൈവേയുടെ ഇരു വശങ്ങളിലുമുള്ള കാട് വെട്ടിത്തെളിക്കുന്നു. ഇതിനായി ക്വട്ടേഷൻ കഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് പ്രവൃത്തി അനുവദിക്കുകയും പ്രവൃത്തിയുടെ വാലേഷൻ കണക്കാക്കി 86,130/-രൂപ അനുവദിക്കുകയും ചെയ്തു. ഇതിന്റെ തുടർ പ്രവർത്തനമായി ശുചിത്വ ബോർഡ് സ്ഥാപിക്കൽ, പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത് എന്നിവ നിർമ്മിക്കുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചു. എന്നാൽ പിന്നീട് യാതൊരു നടപടിയും സ്വീകരിക്കാതെ പ്രസ്തുത വർഷം പദ്ധതി ഉപേക്ഷിച്ചു. നാഷണൽ ഹൈവേയിലുള്ള ഏതൊരു പ്രവൃത്തിയും ഹൈവേ വിഭാഗത്തിന്റെ അനുമതിയോടെയേ ആരംഭിക്കാവൂ. ഇത്തരം അനുമതി വാങ്ങാതെയാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിന് നൽകിയ വിശദീകരണത്തിൽ ടൗൺ നവീകരണവും ദേശീയ പാതയുടെ വീതി കൂട്ടൽ കാരണമാണ് പദ്ധതി നടപ്പാക്കാൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി തുടർ വർഷങ്ങളിൽ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്- പ്രവർത്തന ക്ഷമമായില്ല.

കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തന ക്ഷമമായിട്ടില്ല. പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | എസ്-280/2020 |
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 4,82,138/- ( ധ.കമ്മീഷൻ ഗ്രാന്റ്- 82,138/-)<br>( കേന്ദ്രാവിഷ്കൃത പദ്ധതി- 4,00,000/-) |
| ചെലവ് | 4,50,000/- ( ധ.കമ്മീഷൻ ഗ്രാന്റ്- 82,138/-)<br>( കേന്ദ്രാവിഷ്കൃത പദ്ധതി- 3,67,862/-) |
| ബിൽ നം/ തിയ്യതി | 08/19-20/16.10.2019 – 2,50,000<br>09/19-20/23.11.2019 – 82,138<br>10/19-20/23.11.2019 – 1,17,862/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ചുണ്ടേൽ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ 6 എയ്റോബിക് കംപോസ്റ്റ് ബിൻ, ഷെഡ് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കരാറുടമ്പടി പ്രകാരം പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കംപോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമായിട്ടില്ല. പദ്ധതി പ്രാവർത്തികമാകാത്തതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി. നം 10/19-20/08.03.2021 ന് നൽകിയ മറുപടിയിൽ ബയോവേസ്റ്റുകൾ വീട്ടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ശേഖരിക്കാൻ കഴിയാതെ വന്നത് കൊണ്ടാണ് യൂണിറ്റ് പ്രവർത്തന ക്ഷമമാകാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. കംപോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരമില്ലാതെ വാങ്ങലുകൾ നടത്തി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010).പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കി, സ്വീകരിച്ച് , സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യുമെന്റ് കമ്മറ്റിയാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡികയിൽ പരാമർശിച്ച വാങ്ങലുകൾക്ക് അംഗീകാരം നൽകിയത് പ്രൊക്യുമെന്റ് കമ്മറ്റിയല്ല.

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പദ്ധതി, നമ്പർ - 183/20പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് കുട, ബാഗ് എന്നിവ നൽ കൽ

അടങ്കൽ - 1 ലക്ഷം ( തനത് ഫണ്ട് )

ചെലവ് - 1 ലക്ഷം ( ചെക്ക് നമ്പർ - 22068/ 31.03.2020 )

പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിലെ പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് കുട, ബാഗ് എന്നിവ നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത് . 2019 സെപ്റ്റംബറിൽ നടത്തിയ ടെണ്ടറിൽ രണ്ട് പേർ മാത്രം പങ്കെടുത്തതിനാൽ 2020 ഫെബ്രുവരിയിൽ റീ-ടെണ്ടർ നടത്തുകയും മൂന്ന് ടീമുകൾ പങ്കെടുക്കുയും ചെയ്തു. ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗീതാ സ്റ്റോർസ് സമർപ്പിച്ച ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയാണ് ചെയ്തത്( 26.02.2020 ലെ 2(1) -ാം തീരുമാനം ).

## 1-25 പാലിയേറ്റീവ് പരിചരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഹോംകെയർ ടീമിന്റെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നിട്ടുണ്ട്. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും നൽകാൻ ഹോം കെയർ സംവിധാനം നന്നായിത്തന്നെ പ്രവത്തിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികൾ സർക്കാർനിർദ്ദശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തി എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. ആയത് ചുവടെ ചേർക്കുന്നു.

എ) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിക്കേണ്ട കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 28-5-2019, 27-8-2019, 6-11-2019, 27-2-2020

എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക.

(ബി) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ 2019-20 വർഷത്തിൽ ഒരു തവണ (23-7-2019 ) മാത്രമാണ് കമ്മിറ്റി കൂടിയിരിക്കുന്നത്. മേൽ അപാകതയ്ക്കുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/2019-20-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-26 തൊഴിലുറപ്പ് പദ്ധതി- പഞ്ചായത്ത് ഫണ്ടിലേക്ക് തുക റീക്കുപ്പ് ചെയ്തിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തുക മുഴുവനായും റീക്കുപ്പ് ചെയ്തിട്ടില്ല. 2019-20 വർഷം 3,71,796/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യാൻ അവശേഷിക്കുന്നു. മേൽ തുക തുടർ വർഷം റീക്കുപ്പ് ചെയ്തിട്ടുണ്ട്.

## 1-27 സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ല.

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 17(1) പ്രകാരം കഴിഞ്ഞ പ്രവൃത്തികളുടെ സാമൂഹ്യ വിലയിരുത്തൽ ഗ്രാമസഭയുടെ നേതൃത്വത്തിൽ 6 മാസത്തിലൊരിക്കൽ നടത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ല. 2019-20 ലെ ആകെ 230 പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 22.02.2021 – 25.02.2021 | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |

## 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2019-20 വർഷത്തെ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച് തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര് | ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| | ബ്ലോക്ക്പഞ്ചായത്ത് | | | | |
| 1 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | 2019-20 | 500000 | 0 | 500000 |
| 2 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ | 2019-20 | 1500000 | 1480000 | 2000 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം | 2019-20 | 400000 | 0 | 400000 |
| | ജില്ലാപഞ്ചായത്ത് | | | | |

| | | | | | |
|---|---|---|---|---|---|
| 4 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | 2019-20 | 500000 | 0 | 500000 |
| | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 സാമ്പത്തികവർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി തുക ചെലവഴിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | മുൻബാക്കി | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | | 7653477 | 10080000 | 1632353 | 16821124 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3,64,304/- |
| തൻവർഷം നിക്ഷേപിച്ച തുക | 29,144 |
| ആകെ | 3,93,448 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,93,448 |

| | |
|---|---|
| സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ | രസീതി നം. 130181806720041<br>03.06.2013<br>വയനാട് ജില്ലാ സഹകരണ ബാങ്ക് |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2016-17 | ഖ.2 | 676716 | മെമ്പർ സെക്രട്ടറി ഡി.ടി.പി.സി | 119030900050 തി.10-12-2 019 |
| 2017-18 | 3-9 | 60053 | അസി. എഞ്ചിനീയർ | 119060101709 30-7-19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-17 | 2.7 | 2017-18 | 2 | വൈത്തിരി വില്ലേജ് റിസോർട്ടിലെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | നികുതി അടവാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുൻബാക്കി | | 2,63,36,780 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 80555344 |
| ആകെ | | 106892124 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 77860232 |
| നീക്കിബാക്കി | | 29031892 |
| | : | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | --ഇല്ല-- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| --ഇല്ല-- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി.1-565/15 തിയ്യതി.12/10/15 |
| 1997-98 | LF(W) P1/109/09 തീയതി 05.02.09 |
| 1998-99 | LF(W) P3/674/00തീയതി 01/07/19 |
| 1999-00 | LF(W) P3/84/02തീയതി 01/07/19 |
| 2000-01 | LF(W) P3/58/05 തീയതി 01/07/19 |
| | |

| | |
|---|---|
| 2000-01പ്ലാൻ | LF(W) P3/102/04/03.04.07 |
| 2001-02 പ്ലാൻ | LF(W) P3/103/04 തീയതി 3.8.06 |
| 2001-02 | LF(W) P1/254/06 തീയതി 01/07/19 |
| 2002-03 | LF(W) P1/745/10 തീയതി 01/07/19 |
| 2004-05 | LF(W) P1/748/10 തീയതി 12.11.10 |
| 2005-06 | LF(W) P1/699/10 തീയതി 28.10.10 |
| 2007-08 | LF(W) P1/994/09/തീയതി 01.07.19 |
| 2008-09 | LF(W) P1/622/10 തീയതി 01.07.19 |
| 2009-10 | LF(W) P1/299/11 തീയതി 01/07/19 |
| 2010-11 | LF(W) P1/10/12 തീയതി 01/07/19 |
| 2011-12 | LF(W) P1/495/13 തീയതി 01/07/19 |
| 2012-13 | LF(W) P1/824/14 തീയതി 01/07/19 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-476/15/01/07/19 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-373/16/01/07/19 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-809/16/01/07/19 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-558/17/08/05/19 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-119/19/14/03/19 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1755(എ)/2019 തീ 03.02.2020. |

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്